പണികൾ തുടങ്ങി രണ്ടുവർഷമായെങ്കിലും ആകെ 7% പുരോഗതിമാത്രമേ കമ്പനിക്ക് കൈവരിക്കാൻ കഴിഞ്ഞുള്ളൂ. ആയതിനാൽ പ്രസ്തുത കമ്പനിയുമായുള്ള കരാർ 22-4-2015-ൽ റദ്ദാക്കുകയുണ്ടായി. ഇപ്പോൾ ഈ റോഡ് രണ്ട് റീച്ചുകളായി തിരിച്ച് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള Bid Documents ലോക ബാങ്കിന്റെ അനുമതിക്കായി അയച്ചിരിക്കുകയാണ് ഇത് ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തിയുടെ റീ-ടെണ്ടർ വിളിച്ച് നിർമ്മാണപ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

(ബി&സി) ഈ റോഡിൽ ആകെ 7 (ഏഴ്) പാലങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. അതിൽ പ്രവൃത്തി ആരംഭിച്ച പാലങ്ങളുടെ നിർമ്മാണ പുരോഗതി ചുവടെ ചേർക്കുന്നു :

1. എരഞ്ഞോളി പാലം - പൈലിംഗ് ജോലികളും 2 പൈൽ ക്യാപ്പും പൂർത്തിയായിട്ടുണ്ട്. കൂടാതെ 7 ഗർഡറുകളുടെ കോൺക്രീറ്റ് പണിയും ഒരു അബഡ്മെന്റും പൂർത്തിയായി. ആകെ 60% പണി പൂർത്തിയായി.
2. മെരുവമ്പായി പാലം- പൈലിംഗ് പൂർത്തീകരിച്ചു. 3 പൈൽ ക്യാപ്പുകളും ഒരു അബഡ്മെന്റും പൂർത്തിയായി. ആകെ 50% പണി പൂർത്തിയായി.
3. കളറോഡ് പാലം- ഒരു അബഡ്മെന്റും ഫൗണ്ടേഷന്റെ 40% പണികളും പൂർത്തിയായി.
4. ഉളിയിൽ പാലം- ഒരു ഫൗണ്ടേഷന്റെ പണി 50% പൂർത്തിയായി.
5. ഇരിട്ടി-11 പൈലുകൾ പൂർത്തിയായിട്ടുണ്ട്.

(ഡി) ഡിസംബർ 2015-ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇനി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള Bid Document-ന് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചതിനുശേഷം 30 മാസംകൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

കടമക്കുടി-പിഴല പാലത്തിന്റെ നിർമ്മാണം

229 (5314) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടമക്കുടി ദ്വീപിനെ പ്രധാന കരകളുമായി ബന്ധിപ്പിക്കുന്ന കടമക്കുഴി-പിഴല പാലത്തിന്റെ നിർമ്മാണത്തിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൊച്ചി നഗരത്തെ വടക്കൻ ജില്ലകളുമായി ബന്ധിപ്പിക്കുന്ന ഏറ്റവും ലാഭകരമായ പാത നിലവിൽ വരണമെങ്കിൽ കടമക്കുഴി-പിഴല പാലം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കടമക്കുടി-പിഴല പാലം എന്ന പേരിൽ ഒരു പാലം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ ചേന്ദൂർ-പിഴല, പിഴല-ചിറയൻ തുരുത്ത് എന്നീ രണ്ട് പാലങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ട്. ഈ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് അലൈൻമെന്റ് അംഗീകരിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കുള്ള നിർദ്ദേശം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ആണ് ഈ പാലങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നത്.

നീലേശ്വരം-ചട്ടഞ്ചാൽ റോഡ് നിർമ്മാണം

230 (5315) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഎച്ച്. 66-ൽ നീലേശ്വരംമുതൽ ചട്ടഞ്ചാൽവരെ ഉപരിതലം പുതുക്കുന്നതിനുള്ള നടപടി ഏത് വരെയായെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത മേഖലയിൽ വലിയ കുഴികൾ രൂപപ്പെടുകയും അപകടങ്ങൾ തുടർച്ചയായി ഉണ്ടാകുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കുഴികൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എൻ.എച്ച് 66-ൽ നിലേശ്വരം മുതൽ ചട്ടഞ്ചാൽവരെ ഉപരിതലം പുതുക്കുന്നതിനുള്ള പ്രവൃത്തിയുടെ കരാർ ഒപ്പ് വച്ച് പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കുഴികൾ അടിയന്തരമായി നികത്തുന്നതിന് നിർദ്ദിഷ്ട കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly